I/89173/2023

ഭരണഭാഷ-മാതൃഭാഷ-

No:TCPTVM/412/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in
തീയതി: 17-03-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ.

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - **കെട്ടിട നിർമ്മാണം - കൺകറൻസ് അനുമതി**-സംബന്ധിച്ച്.

സൂചന : താങ്കളുടെ 17/02/2023 ലെ VTZ/A2/501 /23 നമ്പർ കത്ത്.

തിരുവനന്തപുരം നഗരസഭയിൽ പേരൂർക്കട വില്ലേജിൽ സർവ്വേ നമ്പർ: 358/5-3-1 ൽ ഉൾപ്പെട്ട 1.62 ആർ സ്ഥലത്ത് 166.02 ച.മീ.പ്ലിന്ത് ഏരിയ ഉള്ള വാസഗൃഹ ത്തിൻറെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷയിൻമേൽ 08/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ വരുത്തിക്കൊണ്ട് , ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനപ്രകാരം, ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി KMBR 2019 നും നാളിതുവരെയുള്ള ഭേദഗതി കൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. നിർദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം , 08/08/2022 തീയ്യതിയിലെ 179/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദിഷ്ട വസ്തുവിന്റെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പ വരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതുമാണ്.
3. കെ.എം.ബി.ആർ.2019 ചട്ടം 5 (6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.2019 നും നാളിതുവരെ

യുള്ള ഭേദഗതിക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം .

4. നഗരസഭാ / കോർപറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം ആരംഭിക്കാവൂ.
5. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
8. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലോ വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടില്ല.
9. ടൗൺപ്ലാനറുടെ കൺകറൻസിനായി സമർപ്പിച്ച പ്ലോട്ട് ഉൾപ്പടെയുള്ള സ്ഥലം പ്ലോട്ട് സബ്ഡിവിഷന്റെ ഭാഗമായി കാണപ്പെടുന്നു. വസ്തു ഉൾപ്പെടുന്ന പ്ലോട്ട് സബ്ഡിവിഷൻ KMBR 2019 ചട്ടം 31(1)-ന്റെ പരിധിയിൽ ഉൾപ്പെടുമെങ്കിൽ, പെർമിറ്റ് നൽകുന്നതിന് മുൻപ് ആവശ്യമായ പ്ലോട്ട് സബ്ഡിവിഷൻ ലേഔട്ട് അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 17-03-2023 17:07:54

RAJESH T N
TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)
പകർപ്പ്(അറിവിലേയ്ക്കായി)
Sri.Nazeerr.A & Smt.Sherina .M,
Aheed Manzil, Manalayam,
Kodunganoor P.O,
TVPM 695013.